# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ
## ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 നവംബർ 12 ചൊവ്വ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## മണ്ഡലകാലം: ഭക്ഷ്യസുരക്ഷാ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

ഗുരുവായൂർ ഏകാദശി, ശബരിമല മണ്ഡലകാലം പ്രമാണിച്ച് ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ലഭിക്കാനായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഹോട്ടൽ, റസ്റ്റോറന്റ്, തട്ടുകട, കൂൾബാൾ, ബേക്കറി, വഴിയോര കച്ചവടക്കാർ എന്നിവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. എല്ലാ സ്ഥാപനങ്ങളും എഫ്എസ്എസ്എ ലൈസൻസ് നിർബന്ധമായി എടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് അറിയിച്ചു. ഭക്ഷണ ആവശ്യത്തിനായി ഉപയോഗിക്കുന്ന കുടിവെള്ളം പരിശോധിച്ച് ശുദ്ധത ഉറപ്പുവരുത്തണ്ടേതാണ്. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാനായി നൽകുക. ചൂടായ വെള്ളം തണുപ്പിക്കാനായി പച്ചവെള്ളം ചേർക്കരുത്. ജോലിക്കാരുടെ വ്യക്തിശുചിത്വം ഉറപ്പാക്കണം. ജോലിക്കാരുടെ മെഡിക്കൽ പരിശോധന റിപ്പോർട്ട് ഹാജരാക്കണം. പാകം ചെയ്ത ഭക്ഷണ സാധനങ്ങൾ മൂന്ന് മണിക്കൂർ കൂടുതൽ തുറന്നു വെയ്ക്കരുത്. എണ്ണയിൽ പാകം ചെയ്ത ഭക്ഷണം പദാർത്ഥങ്ങൾ, പപ്പടം എന്നിവ പത്രക്കടലാസിൽ പൊതിഞ്ഞ് സൂക്ഷിക്കരുത്. പായ്ക്കറ്റു പാലുകൾ ചായ സമോവറിന്റെ മുകളിൽ വെച്ച് തണുപ്പിക്കുകയോ ചൂടാക്കുകയോ ചെയ്യരുത്. വറുക്കാനായി ഉപയോഗിക്കുന്ന എണ്ണകൾ വീണ്ടും വീണ്ടും ചൂടാക്കി ഉപയോഗിക്കരുത്. പായസം, ചായ, മറ്റ് ചൂടാക്കിയ പാനീയങ്ങൾ എന്നിവ പ്ലാസ്റ്റിക് കപ്പുകൾ, പ്ലാസ്റ്റിക് കവറുകളിൽ വിൽപന നടത്തരുത്. പാൽ, പായസം, പാൽ ഉൽപന്നങ്ങൾ എന്നിവ മൂന്ന് മണിക്കൂറിൽ കൂടുതൽ പുറത്ത് പ്രദർശിപ്പിച്ച് ഉപയോഗിക്കരുത്. പാൽ കേടായി ഭക്ഷ്യ വിഷബാധ ഉണ്ടാകാൻ സാധ്യതയുണ്ട്. ഉപഭോക്താക്കളോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തണം. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ടോൾഫ്രീ നമ്പർ 1800 425 1125/തൃശൂർ ഭക്ഷ്യസുരക്ഷാ അസി. കമ്മീഷണറുടെ നമ്പർ 8943346188 എന്നീ നമ്പറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

## ചാവക്കാട് ബീച്ചിൽ ശുചീകരണ യജ്ഞം; കേന്ദ്രമന്ത്രി കെ. മുരളീധരൻ സന്ദർശിക്കും

ചാവക്കാട് ബീച്ചിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജില്ലാ ഭരണകൂടത്തിന്റെ കീഴിൽ മാസ് ശുചീകരണ യജ്ഞത്തിന് തുടക്കമിട്ടു. നവംബർ 20 ന് അവസാനിക്കുന്ന ശുചീകരണയജ്ഞത്തിൽ കേന്ദ്രവിദേശകാര്യ സഹമന്ത്രി കെ. മുരളീധരൻ പങ്കെടുക്കും. 10 ദിവസം നീണ്ടു നിൽക്കുന്ന ബീച്ച് ശുചീകരണം വിപുലമായ രീതിയിലാണ് സംഘടിപ്പിക്കുന്നതെന്ന് ജില്ലാ കളക്ടർ എസ്. ഷാനവാസ് കളക്ട്രേറ്റ് ചേംബറിൽ ചേർന്ന യോഗത്തിൽ വ്യക്തമാക്കി. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട കടപ്പുറങ്ങളിലാണ് 'മാസ് ക്ലീനിംഗ്' പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിലെ ഏഴ് ജില്ലകളിലെ കടപ്പുറങ്ങളിൽ മാസ് ക്ലീനിംഗും ബോധവത്കരണ പരിപാടിയും സംഘടിപ്പിക്കുന്നു. തൃശ്ശൂരിൽ ചാവക്കാട് ബീച്ചിനെയാണ് ശുചീകരണ പരിപാടികൾക്കായി തെരഞ്ഞെടുത്തത്.

കാസർകോട് വലിയപറമ്പ, കണ്ണൂർ മുഴപ്പിലങ്ങാട്, മലപ്പുറം കൂട്ടായി, കോഴിക്കോട് ബീച്ച്, ആലപ്പുഴ മാരാരി, തിരുവനന്തപുരം കഠിനംകുളം എന്നിങ്ങനെയാണ് മറ്റു ബീച്ചുകൾ. പദ്ധതിയുടെ ഭാഗമായി ജില്ലയിൽ മാസ്സ് ക്യാമ്പയിൻ നടത്തും. കെ.എസ്.സി.എസ്.ടി.ഇ, എം.ഒ.ഇ.എഫ്, കിഫ്ബ എന്നിവ സംയുക്തമായാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ജില്ലാ നാഷണൽ ഗ്രീൻ കോർപ്സും ഇതിന്റെ ഭാഗമാകും. നഗരസഭ, എൻ.ജി.സി, എക്കോ ക്ലബ്, നെഹ്റു യുവജന കേന്ദ്ര, സ്പോർട്സ് കൗൺസിൽ, തഹസിൽദാർ, വിദ്യാഭ്യാസ വകുപ്പ്, താലൂക്ക്, ഫിഷറീസ് വകുപ്പ്, എൻഎസ്എസ്, എൻജിഒ, കടലോര ജാഗ്രത സമിതി, സാഫ്, കുടുംബശ്രീകൾ, കോളേജ് വിദ്യാർത്ഥികൾ ഫിഷറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കോളേജിയേറ്റ് എഡ്യൂക്കേഷൻ എന്നിവരടങ്ങുന്ന ടീമുകൾ ആയിരിക്കും ബീച്ചിൽ ശുചീകരണത്തിനു നേതൃത്വം നൽകുന്നത്. ഓരോ ദിവസവും രണ്ടോ മൂന്നോ ടീമുകൾ ആയിട്ടാണ് ശുചീകരണം. രാവിലെ എട്ട് മുതൽ 10 വരെയും വൈകിട്ട് 4 മുതൽ 6.30 വരെയും ശുചീകരണം നടത്തും. ഇതോടൊപ്പം തന്നെ ജനങ്ങളിൽ മാലിന്യനിർമ്മാർജ്ജനത്തിന്റെയും ശുചീകരണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് വിപുലമായ ബോധവത്കരണ ക്ലാസുകൾ നടത്തും. ചുരുങ്ങിയത് 10 ചവിട്ടു കുട്ടകൾ ബീച്ചിൽ സ്ഥാപിക്കണം. ദിവസേന മാലിന്യം നിർമാർജനം ചെയ്യാനുള്ള നടപടികളും സ്വീകരിക്കണമെന്നും ജനപങ്കാളിത്തം ഉറപ്പാക്കണമെന്നും കളക്ടർ ആവശ്യപ്പെട്ടു.

## ആനാപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിന് ദേശീയ അംഗീകാരം, പുരസ്കാരം ഏറ്റുവാങ്ങി

നവകേരള പദ്ധതിയുടെ ഭാഗമായി ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തുന്ന നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്, ആശുപത്രികൾക്ക് നൽകിവരുന്ന സംസ്ഥാന സർക്കാറിന്റെ പുരസ്കാരം, കായകല്പ പുരസ്കാരം എന്നീ അംഗീകാരങ്ങൾക്ക് ആനാപ്പുഴ പ്രാഥമിക ആരോഗ്യ കേന്ദ്രം അർഹമായി. തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടന്ന അവാർഡ് ദാന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ കെ ശൈലജ ടീച്ചർ പുരസ്കാരം സമ്മാനിച്ചു. ആശുപത്രിയുടെ ഗുണനിലവാരം, രോഗി സൗഹൃദ അന്തരീക്ഷം, പ്രകൃതി അനുകൂല പദ്ധതികൾ, മാലിന്യനിർമാർജനം തുടങ്ങി നിരവധി സൂചികകളുടെ അടിസ്ഥാനത്തിൽ ആണ് പുരസ്കാരം. ആനാപ്പുഴ പിഎച്ച്.സിയെ പ്രതിനിധീകരിച്ച് കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ കെ ആർ ജൈത്രൻ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി.കെ രാമനാഥൻ, നഗരസഭാ കൗൺസിലർ ഷീല രാജ് കമൽ, ജില്ലാ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോക്ടർ മിനി, ജില്ലാ പ്രോഗ്രാം മാനേജർ ഡോ സതീശൻ ടി വി, ഡോ. അഞ്ചു, ഡോ.റിസ്ന, ആശുപത്രി ജീവനക്കാർ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

## വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് ഐ.എസ്.ഒ അംഗീകാരം

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് ഗുണമേന്മയ്ക്കുള്ള അന്താരാഷ്ട്ര അംഗീകാരമായ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചു. ഇതോടെ പഞ്ചായത്തിലെ നവീകരണ പ്രവർത്തനങ്ങളും ഓഫീസ് മാനേജ്മെന്റ് പ്രവർത്തനങ്ങളും ക്വാളിറ്റി മാനേജ്മെന്റ് പ്രവർത്തനങ്ങളും ടാറ്റാ കൺസൾട്ടൻസി സർവ്വീസിന്റെ ഓഡിറ്റർ പി.കെ. ജയദേവന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണ് ഓഡിറ്റ് നടത്തിയത്. പൊതുജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ഏറ്റവും മികച്ച സേവനം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡ പ്രകാരമാണ് അംഗീകാരം ലഭിച്ചത്. ഇതിന് മുന്നോടിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം, ഇരിപ്പിട സൗകര്യങ്ങൾ, രേഖകളുടെ കൃത്യമായ സൂക്ഷിക്കുന്നതിനും കണ്ടെത്തി ഉറപ്പ് വരുത്തുന്നതിനുമുള്ള റെക്കോർഡ് റൂം, പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനുള്ള ബോർഡുകൾ, മുലയൂട്ടൽ മുറി തുടങ്ങിയവ എല്ലാം ബ്ലോക്ക് പഞ്ചായത്തിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ നൂതന ആശയം എന്ന നിലയിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ 500 ഗ്രോബാഗുകളിൽ പച്ചക്കറി കൃഷിയും ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ഐ.എസ്.ഒ അംഗീകാര പ്രഖ്യാപന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എസ്.ബസന്ത്‌ലാൽ അദ്ധ്യക്ഷനായി. ഓഡിറ്റർ പി.കെ. ജയദേവൻ ഐ.എസ്.ഒ അംഗീകാരത്തിന് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് അർഹത കൈവരിച്ചതായി പ്രഖ്യാപനം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി.സുനിത, സ്ഥിരം സമിതി അദ്ധ്യക്ഷന്മാരായ എ.കെ. സുരേന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എ.കെ.സരിത, ഐ.എസ്.ഒ ജില്ലാ കോ-ഓർഡിനേറ്റർ ശ്രീരിഷ, ജോയിന്റ് ബി.ഡി.ഒ പി.കെ.അജയഘോഷ്, ബ്ളോക്ക് ഐ.എസ്.ഒ കോ-ഓർഡിനേറ്റർ കെ.പി. മോഹൻദാസ് തുടങ്ങിയവർ സംസാരിച്ചു.

## ലോക കേരള സഭ പ്രസിദ്ധീകരണം :
## പ്രവാസി മലയാളികളിൽ നിന്നും രചനകൾ ക്ഷണിച്ചു

ലോക കേരളസഭ പ്രവാസി മലയാളിക്കൾക്കായി ആരംഭിച്ച പ്രസിദ്ധീകരണത്തിലേയ്ക്ക് കഥ, കവിത, ലേഖനം, പഠനങ്ങൾ, യാത്രാവിവരണം, പ്രവാസാനുഭവങ്ങൾ, ചിത്രങ്ങൾ, കാർട്ടൂൺ എന്നിവ പ്രവാസി മലയാളികളിൽ നിന്നും ഓൺലൈനായി ക്ഷണിച്ചു. രചനകൾ ഇംഗ്ലീഷിലും മലയാളത്തിലും സമർപ്പിക്കാം. ഡിസംബർ ഒന്നിനകം lkspublication2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രചനകൾ സമർപ്പിക്കണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## എറൈസ് പദ്ധതി:
## സർട്ടിഫിക്കറ്റ് വിതരണം ചെയ്തു

പ്രളയക്കെടുതികൾ മൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നൽകുന്ന സൗജന്യ സ്വയംതൊഴിൽ പരിശീലന ക്യാമ്പയിന്റെ ഭാഗമായി പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ചാലക്കുടി ഗവ. ഐടിഐയിൽ ഇലക്ട്രോണിക് റിപ്പയറിങ്, ഇലക്ട്രിക്കൽ മേഖലയിൽ വിജയകരമായി പരിശീലനം പൂർത്തീകരിച്ച കുടുംബശ്രീ കുടുംബാംഗങ്ങളായ 26 പേർക്കാണ് കുടുംബശ്രീ ജില്ലാ മിഷൻ അസി. കോർഡിനേറ്റർ കെ രാധാകൃഷ്ണൻ വിതരണം ചെയ്തത്. ഐടിഐ പ്രിൻസിപ്പാൾ പി എ സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ ആദർശ് പി ദയാൽ, ഐടിഐ സീനിയർ സൂപ്രണ്ട് മോഹനൻ എന്നിവർ പങ്കെടുത്തു.

## പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്
## ഐ.എസ്.ഒ നിലവാരത്തിലേക്ക്

സംസ്ഥാന സർക്കാരിന്റെ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടിയ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഐ.എസ്.ഒ അംഗീകാര നിറവിലേക്ക്. മികവാർന്ന ഓഫീസ് പ്രവർത്തനങ്ങളും സേവങ്ങൾ സമയബന്ധിതമായി നൽകുന്നതും വിവരാവകാശ നിയമം, സേവനവകാശ നിയമം തുടങ്ങിയവ പാലിക്കുന്നതിലെ നേട്ടവും പരിഗണിച്ചാണ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നൽകുന്നത്. ഇതോടെ ഹരിത കേരള മിഷന്റെ മുഖ്യമന്ത്രിയുടെ പ്രത്യേക അവാർഡിന് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിനെ പരിഗണിച്ചിരിക്കുകയാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് വി.തങ്കമ്മ അദ്ധ്യക്ഷയായി. ഓഡിറ്റർ പി.കെ. ജയദേവൻ ഐ.എസ്.ഒ അംഗീകാരത്തിന് ബ്ലോക്ക് പഞ്ചായത്ത് അർഹത കൈവരിച്ചതായി പ്രഖ്യാപനം നടത്തി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം.പത്മകുമാർ,ഐ.എസ്.ഒ ജില്ലാ കോ - ഓർഡിനേറ്റർ ശ്രീരിഷ, ജോയിന്റ് ബി.ഡി.ഒ പി.കെ.അജയഘോഷ്, സെക്രട്ടറി തങ്കം വർഗീസ് എന്നിവർ സംസാരിച്ചു.

## ജില്ലാ കേരളോത്സവം
## സംഘാടക സമിതി രൂപീകരിച്ചു

നവംബർ 30 മുതൽ ഡിസംബർ എട്ട് വരെ ജില്ലയിൽ നടക്കാനിരിക്കുന്ന ജില്ലാ കേരളോത്സവത്തിന്റെ സംഘാടക സമിതി രൂപീകരിച്ചു. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന യോഗം പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്തു. യുവജനക്ഷേമ ബോർഡും തൃശൂർ ജില്ലാ പഞ്ചായത്തും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. യുവജനക്ഷേമ ബോർഡ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പി ആർ ശ്രീകല പരിപാടി വിശദീകരിച്ചു. ബോർഡംഗം അഫ്സൽ കുഞ്ഞുമോൻ കേരളോത്സവസന്ദേശം നൽകി.

## ഫ്ളാറ്റുകൾ വാടകയ്ക്ക്:
## അപേക്ഷിക്കാം

തൃശൂർ കോർപ്പറേഷൻ പരിധിയിൽ ജോലി ചെയ്യുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകളായ തൊഴിലാളികൾക്ക് മുൻഗണന നൽകി വാടകയ്ക്ക് നൽകുവാൻ ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ചിട്ടുള്ള കുട്ടനെല്ലൂർ ഇന്നവേറ്റീവ് (അത്താണി) ഭവന പദ്ധതിയിലെ വനിത ക്വാട്ടയിൽ (അവിവാഹിതർ, വിവാഹമോചനം നേടിയവർ, വിധവകൾ, ഉപേക്ഷിക്കപ്പെട്ടവർ) ഒഴിവുള്ള ഫ്ളാറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ തൃശൂർ അയ്യന്തോളിൽ പ്രവർത്തിക്കുന്ന ഭവന നിർമ്മാണ ബോർഡിന്റെ ഓഫീസിൽ നിന്നും 112 രൂപ ഒടുക്കി വാങ്ങണം. പൂരിപ്പിച്ച അപേക്ഷ നവംബർ 30 നകം നൽകമം. ഫോൺ: 0487 2360849.

## റവന്യൂ ജില്ലാ കായികമേള:
## ഇരിങ്ങാലക്കുട ഉപജില്ല ഓവറോൾ ചാമ്പ്യൻമാർ

രണ്ടുദിവസങ്ങളിലായി ജില്ലയിൽ നടന്ന റവന്യൂ ജില്ലാ കായികമേളയിൽ ഇരിങ്ങാലക്കുട ഉപജില്ല 108 പോയന്റോടെ ഓവറോൾ ചാമ്പ്യൻമാരായി. 13 സ്വർണ്ണം, 10 വെള്ളി, 13 വെങ്കല മെഡലുകളാണ് ഇവർ നേടിയത്. 58 പോയിന്റുമായി വലപ്പാട് ഉപജില്ല രണ്ടാം സ്ഥാനത്തും 53.5 പോയിന്റുമായി ചാലക്കുടി ഉപജില്ല മൂന്നാം സ്ഥാനത്തും എത്തി. ഒൻപത് സ്വർണ്ണം, രണ്ട് വെള്ളി, എഴ് വെങ്കല മെഡലുകൾ വലപ്പാട് ഉപജില്ല നേടിയപ്പോൾ ചാലക്കുടി നാല് സ്വർണ്ണം, ഒൻപത് വെള്ളി, എഴ് വെങ്കല മെഡലുകളും സ്വന്തമാക്കി.

ചാലക്കുടി കാർമ്മൽ ഹയർ സെക്കണ്ടറി സ്കൂളിൽ ബെന്നി ബെഹനനാൻ എംപി കായികമേള ഉദ്ഘാടനം ചെയ്തു. കായിക സർവകലാശാലയ്ക്ക് വേണ്ടി കൂട്ടായ പരിശ്രമം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ചാലക്കുടി കാർമ്മൽ ഹയർ സെക്കണ്ടറി സ്കൂൾ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് എന്നിവിടങ്ങളിലാണ് മത്സരങ്ങൾ നടന്നത്. ചാലക്കുടി നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രദീപ് അദ്ധ്യക്ഷത വഹിച്ചു. തൃശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ എൻ ഗീത പതാക ഉയർത്തി. ദേശീയ സ്വർണ്ണ മെഡൽ ജേതാവ് ആൻസി ജോൺ സോജൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തൃശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് സാംബശിവൻ, വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ആലീസ് ഷിബു, കാർമ്മൽ സ്കൂൾ പ്രിൻസിപ്പൽ ഫാദർ ജോസ് കിടങ്ങൻ, ജില്ലാ സ്പോർട്സ് കോർഡിനേറ്റർ എം എസ് മിഥുൻ തുടങ്ങിയവർ പങ്കെടുത്തു.

## വാസ്തുവിദ്യ പരിശീലനം

ആറന്മുള വാസ്തുവിദ്യ ഗുരുകുലം നടത്തുന്ന നാല് മാസം ദൈർഘ്യമുള്ള വാസ്തുവിദ്യ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. സിവിൽ എഞ്ചിനീയറിങ്ങ് അല്ലെങ്കിൽ ആർകിടെക്ച്ചറിൽ ഡിപ്ലോമയോ ഐടിഐയോ ഐടിസിയോ കെജിസിഇയോ ആണ് യോഗ്യത. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 25. ഫോൺ: 0468- 2319740, 9847053293, 9947739442.

# Corrected News of Part I Press Release

## നാഷണൽ ലോക് അദാലത്ത്
## ഡിസംബർ 14 ന്

ദേശീയ നിയമ സേവന അതോറിറ്റി തൃശൂർ ജില്ലയിലെ എല്ലാ കോടതി സമുച്ചയങ്ങളിലും ഡിസംബർ 14 ന് ലോക് അദാലത്ത് നടത്തുന്നു. കോടതികളിൽ നിലവിലുള്ള എല്ലാ സിവിൽ കേസുകളും ലഘുവായ ക്രിമിനൽ കേസുകളും കക്ഷികൾക്ക് താൽപര്യമുണ്ടെങ്കിൽ അദാലത്തിൽ പരിഗണിക്കും. കോടതികളിൽ ഫയൽ ചെയ്തിട്ടില്ലാത്ത തർക്കങ്ങളും പ്രീലിറ്റിഗേഷൻ പെറ്റീഷനായി പരിഗണിച്ച് അദാലത്തിൽ തീർപ്പാക്കാം. അദാലത്തിൽ തീർപ്പ് കൽപ്പിക്കുന്നത് കക്ഷികളുടെ തീരുമാനപ്രകാരം ആയിരിക്കും. അദാലത്തിലേക്ക് കേസുകളോ പ്രീലിറ്റിഗേഷൻ പെറ്റീഷനുകളോ പരിഗണിക്കാൻ നവംബർ 30 നകം അതതു താലൂക്ക് നിയമ സേവന കേന്ദ്രങ്ങളെ സമീപിക്കുക. ഫോൺ: 0487-2363323 (തൃശൂർ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി), 0487-2952018 (ചാവക്കാട് താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി), 04884-295301 (തലപ്പിള്ളി താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി), 8078741350 (കൊടുങ്ങല്ലൂർ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി), 0480-2590399 (മുകുന്ദപുരം താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി).